(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിൽപ്പെട്ട എഴുകോൺ, കരീപ്ര, വെളിയം, പൂയപ്പള്ളി, നെടുവത്തൂർ പഞ്ചായത്തിലും, വെട്ടിക്കവല ബ്ലോക്കിൽപെട്ട പവിത്രേശ്വരം പഞ്ചായത്തിലും, ചടയമംഗലം ബ്ലോക്കിൽപ്പെട്ട വെളിനല്ലൂർ പഞ്ചായത്തിലും 1997 മുതൽ ബനിഫിഷ്യറികമ്മിറ്റി എടുത്തിട്ടും പണി തുടങ്ങാത്തതും എഗ്രിമെന്റ് വയ്ക്കാത്തതുമായ കാലവർഷക്കെടുതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിന് അനുമതി നൽകിയ ഗ്രാമീണ റോഡുകളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി വച്ചിരിക്കുന്നു. †

(ബി) മേൽപ്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വടക്കുംപാടം ഭാഗത്തെ അനധികൃത മണൽവാരൽ തടയാൻ നടപടി

77 (891) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ പഞ്ചായത്തിൽപ്പെട്ട വടക്കുംപാടം പ്രദേശത്തു നിന്ന് മണൽ അനധികൃതമായി കോയമ്പത്തൂർ ഭാഗങ്ങളിലേക്ക് കടത്തികൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ആർ. ഡി. ഒ. യ്ക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അനധികൃത മണൽവാരൽ തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത മണൽവാരൽ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

എ. കെ. ഖാദർകുട്ടിക്ക് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

78 (893) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിൽപ്പെട്ട പേര്യ വില്ലേജിൽ എ. കെ. ഖാദർകുട്ടി സർവ്വെ നമ്പർ 88/1 എ1-ൽപ്പെട്ട 397 ഏക്കർ സ്ഥലം മൂപ്പിൽനായർ എന്ന ആളിൽ നിന്നും പാട്ടത്തിന് വാങ്ങിയിട്ടുണ്ടോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഭൂമിയിൽ നിന്നും 100 ഏക്കർ സ്ഥലം ഖാദർകുട്ടി, കുട്ടി ബീവിക്ക് കൈമാറിയിട്ടുണ്ടോ ;

(സി) കുട്ടി ബീവി സർവ്വെ നമ്പർ 88/1-എയിൽപ്പെട്ട 75 ഏക്കർ സ്ഥലത്തിനും സർവ്വെ നമ്പർ 88/1എ-3-ൽപ്പെട്ട 64 ഏക്കർ സ്ഥലത്തിനും ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വാങ്ങിയിരുന്നുവോ ;

(ഡി) കുട്ടി ബീവി മൊത്തം എത്ര ഏക്കർ സ്ഥലത്തിനാണ് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ ;

(ഇ) എ. കെ. ഖാദർകുട്ടി 88/2 ബി-2 ൽപ്പെട്ട 60 ഏക്കർ സ്ഥലത്തിന് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നുവോ ;

(എഫ്) കേരള വനം ദേശസാൽക്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം എ. കെ. ഖാദർകുട്ടി മാനന്തവാടി താലൂക്ക് ലാന്റ് ബോർഡിൽ സീലിംഗ് റിട്ടേൺ സമർപ്പിച്ചപ്പോൾ അദ്ദേഹം ഗവൺമെന്റിലേയ്ക്ക് സറണ്ടർ ചെയ്ത ഭൂമി നിബിഡവനമാണെന്ന് കാണിച്ചിരുന്നുവോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വാങ്ങിയിരുന്നു.

(ഡി) 139 ഏക്കർ സ്ഥലത്തിനാണ് വാങ്ങിയിട്ടുള്ളത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സീലിംഗ് റിട്ടേണിൽ ഭൂമി സറണ്ടർ ചെയ്യാമെന്ന് സമ്മതിച്ചിട്ടില്ല. ടി കക്ഷിയുടെ പേരിലുള്ള മിച്ചഭൂമി കേസുകൾ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പുനർ വിചാരണയിലാണ്.

പേര്യ മരംമുറി സംബന്ധിച്ച അന്വേഷണം

79 (895) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേര്യ മരംമുറി സംബന്ധിച്ച് റവന്യൂ സെക്രട്ടറിയായിരുന്ന ജിജി തോംസൺ -ന്റെ അന്തിമ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചതെന്നാണ് ;

(ബി) ഈ റിപ്പോർട്ടനുസരിച്ച് പ്രസ്തുത മരംമുറിയിൽ ആർക്കെല്ലാം ഉത്തരവാദിത്വമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly